# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : * 359

23.08.2017 ൽ മറുപടിക്ക്

### കെ.എസ്.ഐ.ഡി.സി., കിൻഫ്ര എന്നിവ വഴി നടപ്പിലാക്കുന്ന പദ്ധതികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. പി. ഉണ്ണി<br>ശ്രീ. എ.പ്രദീപ്കുമാർ<br>ശ്രീ. ജോൺ ഫെർണാണ്ടസ്.<br>ശ്രീ. എം. രാജഗോപാലൻ | | ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | വ്യവസായ വികസനത്തിന് വേണ്ട പശ്ചാത്തലം സൃഷ്ടിക്കുന്നതിനായി കെ.എസ്.ഐ.ഡി.സി., കിൻഫ്ര തുടങ്ങിയ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം നൽകുമോ; | (എ) | വ്യവസായ വികസനത്തിന് വേണ്ട പശ്ചാത്തലം സൃഷ്ടിക്കുക എന്ന ഉദ്ദേശത്തോടുകൂടി കെ.എസ്.ഐ.ഡി.സി, കിൻഫ്ര എന്നിവ വഴി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>കണ്ണൂർ, കോഴിക്കോട്, ചേർത്തല എന്നിവിടങ്ങളിൽ വ്യവസായ വളർച്ചാകേന്ദ്രങ്ങളും പാലക്കാട് കെ.എസ്.ഐ.ഡി.സി.യുടെ ഒരു ഇൻവെസ്റ്റ്മെന്റ് സോണും സ്ഥാപിച്ചു. കൂടാതെ കോഴിക്കോട് ജില്ലയിലെ കുറ്റ്യാടിയിൽ നാളികേര വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനും, എറണാകുളത്തെ ആമ്പല്ലൂരിൽ ഇലക്ട്രോണിക് ഹാർഡ്‌വെയർ പാർക്ക് സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ പുരോഗമിക്കുന്നു.<br>സ്റ്റാർട്ടപ്പ് സംരംഭങ്ങളെ ആകർഷിക്കുന്നതിനുവേണ്ടി കൊച്ചി ഇൻഫോപാർക്ക്, അങ്കമാലി ഇൻകെൽ, കോഴിക്കോട് യു.എൽ.സി.സി. സൈബർ പാർക്ക് എന്നിവിടങ്ങളിൽ ബിസിനസ്സ് ഇൻക്യുബേഷൻ സെന്ററുകൾസ്ഥാപിച്ചിട്ടുണ്ട്<br>വനിതാസംരംഭകരെ ആകർഷിക്കുന്നതിനായി അങ്കമാലി ഇൻകെൽ ടവറിൽ വി-സ്പേയ്സ് എന്ന പേരിൽ എസ്.ഡി.എഫ് കെട്ടിടവും ഒരുക്കിയിട്ടുണ്ട്<br>കേരളത്തിൽ ജൈവശാസ്ത്ര സാങ്കേതിക/ലൈഫ് സയൻസ് മേഖലകളിലേയ്ക്ക് നിക്ഷേപങ്ങൾ ആകർഷിപ്പിക്കുന്നതിനായി കെ.എസ്.ഐ.ഡി.സി. തിരുവനന്തപുരത്ത് ഒരു ലൈഫ് സയൻസ് പാർക്ക് സ്ഥാപിക്കുന്നതിലേയ്ക്ക് വേണ്ടിയുള്ള അടിസ്ഥാന സൗകര്യപ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. |

കിൻഫ്ര വഴി നടപ്പിലാക്കുന്നവ :

1.. കിൻഫ്ര അപ്പാരൽ പാർക്ക് .തിരുവനന്തപുരം.
2. കിൻഫ്ര എക്സ്പോർട്ട് പ്രമോഷൻ ഇന്റസ്ട്രിയൽ പാർക്ക്, എറണാകുളം
3. കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്ക്,തിരുവനന്തപുരം.
4. കിൻഫ്ര ഭക്ഷ്യ സംസ്കരണവ്യവസായ പാർക്ക്. മലപ്പുറം.
5. ഭക്ഷ്യ സംസ്കരണവ്യവസായ പാർക്ക്, അടൂർ.
6. ചെറുകിട വ്യവസായ പാർക്ക്, തിരുവനന്തപുരം.
7. ചെറുകിട വ്യവസായ പാർക്ക്, കന്നന്താനം.
8. ചെറുകിട വ്യവസായ പാർക്ക്. അടൂർ
9. ചെറുകിട വ്യവസായ പാർക്ക്. മഴുവന്നൂർ
10 ചെറുകിട വ്യവസായ പാർക്ക്. കൊരട്ടി
11. ചെറുകിട വ്യവസായ പാർക്ക്, തലശ്ശേരി.
12. ചെറുകിട വ്യവസായ പാർക്ക്, വയനാട്.
13. ചെറുകിട വ്യവസായ പാർക്ക്. കാസർഗോഡ്
14. കിൻഫ്ര ഹൈടെക്ക് പാർക്ക്. കളമശ്ശേരി.
15. ഇലക്ട്രോണിക്സിനായുള്ള പ്രത്യേക സാമ്പത്തിക മേഖല, കളമശ്ശേരി
16 ടെക്സ്റ്റൈൽ സെന്റർ. കണ്ണൂർ.
17. ഇന്റഗ്രേറ്റഡ് ഇന്റസ്ട്രിയൽ ആന്റ് ടെക്സ്റ്റൈൽ പാർക്ക്. പാലക്കാട്
18. കിൻഫ്ര ബയോടെക്നോളജി പാർക്ക്, കളമശ്ശേരി.
19. കിൻഫ്ര വ്യവസായ പാർക്ക്. പിറവണ്ണൂർ
20. വ്യവസായ പാർക്ക്, ഒറ്റപ്പാലം,
21. ഭക്ഷ്യ സംസ്കരണത്തിനായി പ്രത്യേക സാമ്പത്തിക മേഖല. മലപ്പുറം.
22. ഐ. ടി / ഐ. ടി അധിഷ്ഠിതമായ പ്രത്യേക സാമ്പത്തിക മേഖല. കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്ക് , തിരുവനന്തപുരം.
23. മെഗാഫുഡ് പാർക്ക്. പാലക്കാട്
24. ഡിഫൻസ് പാർക്ക്, ഒറ്റപ്പാലം. പാലക്കാട്.
25. ഗ്ലോബൽ ആയുർവ്വേദ വില്ലേജ്.തിരുവനന്തപുരം.
26. ജെം & ജ്വല്ലറി പാർക്ക്. പുഴയ്ക്കൽ, തൃശ്ശൂർ.
27. വ്യവസായ പാർക്ക് , മട്ടന്നൂർ
28. ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ. കാക്കനാട്, എറണാകുളം
29. സ്പൈസസ് പാർക്ക്, തൊട്ടുപുഴ, ഇടുക്കി.
30. അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക്. രാമനാട്ടുകര. കോഴിക്കോട്
31. അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക്. പുഴക്കൽ. തൃശ്ശൂർ
32. കിൻഫ്ര കൊരട്ടി പാർക്കിന്റെ രണ്ടാംഘട്ട വികസനം.

| | | | |
|---|---|---|---|
| | | | 33. ഫാർമ പാർക്ക്, എറണാകുളം.<br>34. പെട്രോ കെമിക്കൽ പാർക്ക്, എറണാകുളം.<br>35. കിൻഫ്ര പാർക്ക്, കാക്കഞ്ചേരി. |
| (ബി) | വ്യവസായ പാർക്കുകളുടെയും വ്യവസായശാലകളുടെയും വലിയൊരു കൂട്ടം സൃഷ്ടിക്കുമെന്ന പ്രഖ്യാപനം യാഥാർത്ഥ്യമാക്കാൻ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; കൊച്ചി-കോയമ്പത്തൂർ ഹൈടെക് വ്യവസായ ഇടനാഴിയുടെ രൂപരേഖ തയ്യാറായിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ; | (ബി) | കൊച്ചി - പാലക്കാട് മേഖലയെ ബാംഗ്ലൂർ വരെ ബന്ധിപ്പിക്കുന്നതിനുള്ള വ്യവസായ ഇടനാഴി രൂപീകരണത്തിന് വേണ്ടി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. വ്യവസായ ഇടനാഴികളുടെ രൂപീകരണത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ള National Industrial Corridor Development and Implementation Trust (NICDIT)ന് പ്രസ്തുത പദ്ധതിയുടെ വിവരങ്ങൾ സമർപ്പിക്കാൻ കേന്ദ്ര സർക്കാർ നിർദ്ദേശിച്ച പ്രകാരം കൊച്ചി - ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ പ്രാഥമിക രൂപരേഖ തയ്യാറാക്കുന്നതിനായി ഒരു വിദഗ്ധോപദേശക ഏജൻസിയെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | സർക്കാർ പ്രഖ്യാപിച്ച വിവിധോദ്ദേശ്യ വ്യവസായ സോണുകൾ ആരംഭിക്കാനുള്ള പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ ? | (സി) | കൊച്ചി - ബാംഗ്ലൂർ ഹൈടെക്ക് വ്യവസായ ഇടനാഴി രൂപീകരണവുമായി ബന്ധപ്പെട്ട പദ്ധതിയിൽ വിവിധോദ്ദേശ്യ വ്യവസായ സോണുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കിൻഫ്ര സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ബൃഹദ് വിവിധോദ്ദേശ്യ സോണുകളിൽ പട്ടന്നൂർ - പനയത്തു പറംബിലും, തൊടുപുഴ എന്നീ സ്ഥലങ്ങളിലും ഭൂമി കണ്ടെത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**